**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3878 — 24.06.2014 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനു വേണ്ടി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച റിവൈവൽ , റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സർപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി വരുന്നു. വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഊന്നൽ നൽകിവരുന്നു. കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി റീവൈറ്റലൈസേഷൻ പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾക്ക് വർക്ക്ഷെഡ് നവീകരണം, പ്രവർത്തന മൂലധനം, ഉൽപ്പന്നവൈവിധ്യവത്കരണം, ഇ.എസ്.എ /ഇ.പി.എഫ് കുടിശ്ശിക തീർക്കൽ എന്നീ ആവശ്യങ്ങൾക്കായി ധനസഹായം അനുവദിക്കുന്നുണ്ട്. ഹാന്റക്സ്, ഹാന്റ് വീവ് എന്നിവയ്ക്ക് പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണപദ്ധതി പ്രകാരം സർക്കാർ ധനസഹായം അനുവദിച്ചു വരുന്നു.<br><br>പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിൽ തോട്ടണ്ടിയുടെ കൂടുതൽ ലഭ്യതയ്ക്ക് വേണ്ടി കശുമാവ് കൃഷി വ്യാപിപ്പിക്കുകയും കൂടുതൽ പ്രവർത്തന |

മൂലധനം അനുവദിക്കുകയും ചെയ്തുവരുന്നു. ഇതുമൂലം തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിയുന്നുണ്ട്. തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതി നായി ഭാഗീകമായ യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകര ണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യ മായ സാമ്പത്തിക സഹായം നൽകി വരുന്നു.

പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ഇൻസെന്റീവ് വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കയർസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമുൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. കയർപിരി, ഡീഫൈബറിങ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡു വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദിമേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിച്ച ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദിമേഖലയുടെ വൈവിദ്ധ്യ വൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മിഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി

നടപ്പിലാക്കിയിട്ടുണ്ട്.

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കരകൗശല തൊഴിലാളികൾക്ക് കുടിശ്ശിക തീർക്കുന്നതിനു വേണ്ടിയുള്ള സാമ്പത്തിക സഹായവും തൊഴിലാളി കൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോർപ്പറേഷന്റെ പരിധി യിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബു കോർപറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാ ളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തി യിട്ടുണ്ട്.

(ബി) പരമ്പരാഗത മേഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മെച്ചപ്പെടുത്തി പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനായി എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി) പരമ്പരാഗതവ്യവസായമായ കൈത്തറി വ്യവസായത്തെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മെച്ചപ്പെടുത്തു ന്നതിനായി തറികളിൽ ടേക്ക്അപ്/ ലൈറ്റ് മോഷൻ ഘടിപ്പിക്കുവാനും ആയാസം കുറയ്ക്കുന്നതിനായി ജക്കാർഡ് ലൂമിൽ ന്യൂമാറ്റിക് സിസ്റ്റം, ഇലക്ട്രിക്കലി ഓപ്പറേറ്റഡ് സിസ്റ്റം എന്നിവ ഘടിപ്പിക്കുവാനും സ്പൾ വാർപ്പിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും ഡൈയിങ് ക്വാളിറ്റി ഉയർത്തുന്നതിനായി കാബിനറ്റ് ഡൈയിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും ബൂട്ടാ ഡിസൈൻ വീവിംഗിന്റെ വേഗം കൂട്ടാൻ ചങ്കി എക്സ്ട്രാ വെഫ്റ്റ് വീവിംഗ് ഡിവൈസ് തറികളിൽ സ്ഥാപിക്കുന്നതിനും ഹൈഡ്രോലിക് പ്രെസിംഗ് മെഷിൻ ഉപയോഗിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന കേരള കശുവണ്ടി വികസന കോർപറേഷന്റെ അധീനതയിലുള്ള ഫാക്ടറികളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഷെല്ലിങ്, പീലിംഗ്, ഗ്രേഡിങ് സെക്ഷനുകളിൽ ഭാഗികമായി യന്ത്രവൽക്കരണം ഏർപ്പെടു ത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിച്ചും ആധുനിക പായ്ക്കിങ് മെഷീനുകൾ ഉപയോഗിച്ചും ഉപഭോക്താക്കളെ ആകർഷി

ക്കത്തക്കവിധം കശുവണ്ടി വ്യവസായം ആധുനിക വൽകരിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിലെ സഹകരണസ്ഥാപനമായ കാപെക്സിന്റെ ഫാക്ടറികളിൽ ആധുനിക യന്ത്രവൽക്കരണവും കംപ്യൂട്ടർ വൽക്കരണവും നടപ്പിലാക്കുന്നതിനായി സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗതവ്യവസായമായ കയർമേഖലയെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള മിനി ഡീഫൈബറിങ് മെഷീൻ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമായ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചിട്ടുണ്ട്. കയർമേഖലയിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സെമിഓട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീനുകൾ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കുന്നുണ്ട്. അട്ടൂർ കിൻഫ്ര പാർക്കിൽ കയർകോർപറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക പി വി സി ടഫ്റ്റഡ് ഉൾപ്പെടെയുള്ള സംയോജിത യൂണിറ്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചു. കയർ മാറ്റ്സ് & മാറ്റിംഗ്സ് ഉൽപാദിപ്പിക്കുന്നതിനു വേണ്ടിയുള്ള കയർ ലൂമും വികസിപ്പിച്ചുവരുന്നു. റബ്ബറിൽ കയർ പിത്ത് ഫില്ലർ മെറ്റീരിയലായി ഉപയോഗിച്ച് ചെരുപ്പ്, ഡോർമാറ്റ് മുതലായ ഉൽപന്നങ്ങൾ ആധുനിക സാങ്കേതിക വിദ്യയിലൂടെ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർമേഖലക്കാവശ്യമായ യന്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് യന്ത്രനിർമ്മാണ ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിച്ചിട്ടുണ്ട്.

ഖാദിമേഖലയിൽ ചർക്കയിൽ ആധുനികവത്കരണം നടത്തി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി ഗോരഖ്പൂർ ഐ.ഐ.ടി നടത്തിയ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കരകൌശല മേഖലയിൽ ആധുനികവത്കരണവുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാന ബാംബൂ കോർപറേഷൻ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ഫ്ലാറ്റന്റ് ബോർഡ്, ബാംബൂ ഫ്ലോറിങ് ടൈൽ,

ബാംബൂ ഫർണീച്ചറുകൾ, മറ്റു അനുബന്ധ ഉൽപന്നങ്ങൾ എന്നിവ ഉൽപാദിപ്പിച്ച് വിപണനം നടത്തിവരുന്നു.

(signature)

സെക്ഷൻ ഓഫീസർ